## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2112

11-06-2018 ൽ മറുപടിയ്ക്ക്

### തിരൂരങ്ങാടി ഫയർ സ്റ്റേഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ. പി. കെ. അബ്ദുറബ്ബ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | തിരൂരങ്ങാടി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | **(എ), (ബി) & (സി)** തിരൂരങ്ങാടി ഫയർ & റെസ്ക്യൂ സ്റ്റേഷന് വേണ്ടി തിരൂരങ്ങാടി താലൂക്കിൽ തെന്നല ഗ്രാമപഞ്ചായത്തിൽ തെന്നല വില്ലേജിൽ പ്പെട്ട കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഉപയോഗശൂന്യമായ 7.47 ഏക്കർ ഭൂമിയിൽ നിന്നും 1 ഏക്കർ സ്ഥലം വകുപ്പിന് ഫയർ & റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിന് വിട്ടു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് കോഴിക്കോട് സെൻട്രൽ പൊതുമരാമത്ത് വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഭൂമി ഇതുവരെ ലഭ്യമായിട്ടില്ല. അനുയോജ്യമായ സ്ഥലവും കെട്ടിടവും ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതാണ്. |
| ബി) | പ്രസ്തുത ഫയർ സ്റ്റേഷൻ എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാനാകുമെന്ന് വെളിപ്പെടുത്തുമോ; | |
| സി) | പ്രസ്തുത ഫയർ സ്റ്റേഷനു വേണ്ടി തെന്നല പഞ്ചായത്തിൽപ്പെട്ട കോഴിച്ചെനയിലുള്ള ദേശീയ പാതയുടെ ഭൂമി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവ് എന്നുണ്ടാകുമെന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ